LIBRARY ARCHIVES Kerala Legislative Assembly

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

122(136) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾമൂലമുള്ള അന്തരീക്ഷമലിനീകരണം അപകടകരമായവിധം വർദ്ധിക്കുന്ന കാലത്ത് വൈദ്യുതി വാഹനങ്ങൾ നിർമ്മിക്കുന്നതിനുള്ള 'കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ' പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഇ-വെഹിക്കിൾ നയത്തിന്റെ ഭാഗമായിട്ടാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഇലക്ട്രിക് വാഹന നിർമ്മാണം തുടങ്ങിയത്. അതിനുവേണ്ടി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിരുന്നു. അതിന്റെ തുടർച്ചയെന്നോണം ഈ സർക്കാർ ഇലക്ട്രിക് വാഹനനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചു. കൂടാതെ കമ്പനിയുടെ ഭാവിനിർമ്മാണ പദ്ധതിക്ക് രൂപം നൽകുന്നതിന്റെ ഭാഗമായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

(സി) ഏതെല്ലാം തരത്തിലുള്ള ഇലക്ട്രിക് വാഹനങ്ങളാണ് നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നിലവിൽ L5 കാറ്റഗറി പാസ്സഞ്ചർ ഇലക്ട്രിക് ഓട്ടോയാണ് നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറക്കിയിട്ടുള്ളത്.

കാസർഗോഡ് ജില്ലയിലെ പൊതുമേഖല വ്യവസായസ്ഥാപനങ്ങൾ

123(137) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ല രൂപീകരിച്ചതിനുശേഷം ജില്ലയിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണാരംഭിച്ചതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഇപ്പോൾ എങ്ങനെ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-ഉം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ കാസർഗോഡ് യൂണിറ്റിന്റെയും സംയുക്ത സംരഭമായി ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL-Electrical Machines Ltd) എന്ന സ്ഥാപനം 2011-ൽ പ്രവർത്തനം ആരംഭിച്ചു. ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചതിനെ തുടർന്ന് ഭെൽ-ഇ.എം.എൽ.-നെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായി ഉദുമ ടെക്സ്റ്റൈൽ മിൽ കാസർഗോഡ് ജില്ലയിൽ 2018 ഒക്ടോബർ 29 മുതൽ പ്രവർത്തനം ആരംഭിച്ചു. കോട്ടൺ നൂലാണ് സ്ഥാപനം ഉൽപ്പാദിപ്പിക്കുന്നത്. 11088 സ്പിൻഡിൽസ് കപ്പാസിറ്റിയാണുള്ളത്. 141 ജീവനക്കാരാണ് സ്ഥാപനത്തിലുള്ളത്.

(സി) ജില്ല രൂപീകരിച്ചതിനുശേഷം ആരംഭിച്ച ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ടോ; എങ്കിൽ പൂട്ടാനുള്ള കാരണവും സാഹചര്യവും വ്യക്തമാക്കാമോ?

ഇല്ല.

(ഡി) ഇന്നത്തെ കാസർഗോഡ് ജില്ല, അവിഭക്ത കണ്ണൂർ ജില്ലയിലായിരുന്നപ്പോൾ ഇപ്പോഴത്തെ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിരുന്നോ; എങ്കിൽ പ്രസ്തുത സ്ഥാപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കാമോ?

ഉണ്ട്. കാസർഗോഡ് ബീച്ച് റോഡിൽ പ്രവർത്തിച്ചിരുന്ന ആസ്സൽ വാച്ചസ് കമ്പനി ആരംഭിച്ചത് 1978-ൽ ആയിരുന്നു. എച്ച്.എം.റ്റി.-ക്കുവേണ്ടി വാച്ച് അസംബിൾ ചെയ്യുന്ന യൂണിറ്റായിട്ടാണ് ആസ്സൽ വാച്ചസ് പ്രവർത്തിച്ചിരുന്നത്. വിപണിയിലെ കടുത്ത മത്സരം കാരണം എച്ച്.എം.റ്റി.-യിൽനിന്നും ഓർഡർ ലഭിക്കാതെ വന്നതിനെത്തുടർന്ന് ടി കമ്പനി പ്രതിസന്ധിയിലാകുകയും 2002 മുതൽ പ്രവർത്തനരഹിതവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly